


# ക്രിസ്തുവിന്റെ അവസാന പ്രാർത്ഥനകൾ

### ജീവിതയാതനയിലും വേദനയിലും ദൈവിത്തിൽനിന്നും അകന്നു പോകരുത് –പാപ്പായുടെ ധ്യാനചിന്തകൾ



*The last scene – from Zeffirelli's opus magnum - Robert Powell as Christ*

മനുഷ്യയാതനകൾ എത്ര കഠിനമായിരുന്നാലും ദൈവിക ഐക്യത്തിൽനിന്നും അകന്നുപോകരുത് എന്നാണ് ക്രിസ്തുവിന്റെ കുരിശിലെ പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നത്. ആസന്നമായ മരണവ്യഥയിൽ ക്രിസ്തു കുരിശ്ശിൽ കിടന്നുകൊണ്ട് പിതാവിനോടു പ്രാർത്ഥിച്ചു. വിശുദ്ധ ലൂക്കായുടെ സുവിശേഷപ്രകാരം കുരിശിൽക്കിടന്നുകൊണ്ട് അവസാനമായി പറഞ്ഞ മൂന്നു വാക്യങ്ങളാണ് ക്രിസ്തുവിന്റെ കുരിശിലെ പ്രാർത്ഥനകൾ (ലൂക്കാ 23, 23-47). ആദ്യത്തേതും അവസാനത്തേതുമായ പ്രാർത്ഥന പിതാവിനോടാണ്.

രണ്ടാമത്തേത് തന്റെകൂടെ ക്രൂശിതനായ നല്ല കള്ളനോടായിരുന്നു. "ഇന്ന് നീ എന്റെകൂടെ പറുദീസായിലായിരിക്കും," എന്ന സാന്ത്വനമാണ് ലൂക്കാ 23, 43. തന്റെ വേദനയിൽ ക്രിസ്തു പിതാവിനോട് യാചിക്കുമ്പോഴും പശ്ചാത്തപിച്ച കള്ളന്റെ പ്രാർത്ഥന അവിടുന്ന് ശ്രവിക്കുന്നു. ക്രിസ്തുവിനെ കുരിശിൽ തറച്ചശേഷം, പടയാളികൾ അവരുടെ പ്രവർത്തികൾക്കു പാരിതോഷികമെന്നോണം അവിടുത്തെ മേലങ്കിക്കായി ചിട്ടിയിട്ടു. അതിനു ശേഷമായിരുന്നു കുരിശിലെ ആദ്യ പ്രാർത്ഥന. അവിടുത്തെ കുരിശാരോഹണത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തുവിന്റെ ഈ പ്രാർത്ഥനകൾ.



*"My God, my God, why Thou hast forsaken me." Ps.22, 1*

1. ശത്രുക്കളോടു ക്ഷമിക്കുവാനുള്ള ആദ്യ പ്രാർത്ഥന



ആദ്യ പ്രാർത്ഥന മാദ്ധ്യസ്ഥത്തിന്റേതായിരുന്നു. തന്റെ ഘാതകരോട് ക്ഷമിക്കണമേ, എന്ന പിതാവിനോടുള്ള യാചനയാണിത്. താൻ ഗലീലിയായിൽവച്ച് നടത്തിയ തിന്മയെ നന്മകൊണ്ടു ജയിക്കുവാനുള്ള ഗിരിപ്രഭാഷണത്തിന്റെ സാക്ഷാത്ക്കാരമായിരുന്നു അത് (ലൂക്കാ 6, 27, 35). കുരിശിൽക്കിടന്നുകൊണ്ട് തന്റെ ഘാതകരോടു "ക്ഷമിക്കുക," എന്നു മാത്രമല്ല പ്രാർത്ഥിക്കുന്നത്, അവർക്കുവേണ്ടി തന്റെ പിതാവിനോട് മാദ്ധ്യസ്ഥ്യം യാചിക്കുകയും ചെയ്യുന്നു.

*"Father, forgive them for they know not what they are doing." – Lk.23, 34*

സഭയിലെ ആദ്യ രക്തസാക്ഷി വിശുദ്ധ സ്റ്റീഫന്റെ ജീവിതവും ക്രിസ്തുവിന്റെ അമൂല്യമായ അനുരജ്ഞന സന്ദേശത്തിന്റെ ഹൃദയസ്പർശിയായ അനുകരണമാണെന്നു കാണാം. ശത്രുക്കളാൽ കല്ലെറിയപ്പെട്ട് പീഡിതനായി മരിക്കുന്ന സ്റ്റീഫൻ മുട്ടുകുത്തി ഉറക്കെ പ്രാർത്ഥിച്ചു, (അപ്പസ്തോല നടപടി. 7, 60). "ദൈവമേ, അവരുടെമേൽ ഈ പാപങ്ങൾ ചുമത്തരുതേ." അദ്ദേഹത്തിന്റെ അവസാന വാക്കുകളായിരുന്നു അത്. ക്രിസ്തുവിന്റേയും സഭയിലെ ആദ്യ രക്തസാക്ഷി വിശുദ്ധ സ്റ്റീഫന്റേയും, ശത്രുസ്നേഹത്തിന്റേയും ക്ഷമയുടേയും പ്രാർത്ഥന ചരിത്രത്തിൽ മാനവകുലത്തിന് മാതൃകയാണ്. ഉത്ഥിതനായ ക്രിസ്തുവിലേയ്ക്കു തിരിഞ്ഞുകൊണ്ടാണ് വിശുദ്ധ സ്റ്റീഫൻ തന്റെ ഘാതകർക്കായി പ്രാർത്ഥിക്കുന്നത്. തന്നെ കല്ലെറിയുന്നവരുടെമേൽ ഈ പാപം ചുമത്തരുതേ, എന്നാണ് അദ്ദേഹം പ്രാർത്ഥിച്ചത്. കുരിശിൽവച്ച് തന്റെ പിതാവിനോടു നടത്തിയ യാചനയിൽ തന്നെ കുരിശിലേറ്റിയവരോടു ക്ഷമിക്കുക എന്നു മാത്രമല്ല, "പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല," ലൂക്കാ 23, 43. എന്ന വാക്കുകളിൽ സംഭവത്തിന്റെ നിജസ്ഥിതി അവിടുന്നു വെളിപ്പെടുത്തുന്നുമുണ്ട്. തന്റെ ഘാതകരുടെ അറിവില്ലായ്മയോർത്ത് അവരോട് ക്ഷിക്കണമേ, എന്നും പിതാവിനോടു നടത്തിയ യാചനയിൽ ക്രിസ്തു കൂട്ടിച്ചേർക്കുന്നു. ക്രിസ്തുവിന്റെ മരണസമയത്ത് കുരിശിൽ മരിക്കുമ്പോൾ കുരിശിൻചുവട്ടിലുണ്ടായിരുന്ന റോമൻ ശതാധിപൻ പറഞ്ഞു. "തീർച്ചയായും ഈ മനുഷ്യൻ നിരപരാധിയായിരുന്നു. അവിടുന്ന് ദൈവപുത്രനാണ്." (ലൂക്കാ 23, 47). മാനസാന്തരത്തിന് അജ്ഞത വഴിതുറക്കുന്നു എന്ന സത്യം ശതാധിപന്റെ പ്രതികരണത്തിൽ ഒളിഞ്ഞിരിക്കുന്നു. മനുഷ്യപുത്രന്റെ വിധിയാളന്മാരും ഘാതകരും മാത്രമല്ല, ലോകം മുഴുവനും ഓർക്കേണ്ടതാണ് ഈ സത്യം - അറിവില്ലായ്മ മാനസാന്തരത്തിനുള്ള വഴി തുറക്കുന്നുവെന്ന്.



## 2. കുരിശിലെ രണ്ടാമത്തെ പ്രാർത്ഥന – അനുതാപത്തെ അംഗീകരിക്കുന്നു



*“Jesus, remember me in your kingdom.” –Luke 23, 42. Good thief Antonello Campodifiori of Zeffirelli*

വിശുദ്ധ ലൂക്കാ വിവരിക്കുന്നതനുസരിച്ച് ക്രിസ്തുവിന്റെ കുരിശിൽവച്ചുള്ള രണ്ടാമത്തെ പ്രാർത്ഥന നമുക്ക് ഇന്നും പ്രത്യാശ പകരുന്നതാണ്. അവിടുത്തെ സമീപത്ത് കുരിശിൽക്കിടന്നുകൊണ്ട് നല്ല കള്ളൻ അനുതപിക്കുന്നു. ദൈവിക മുഖകാന്തി ലോകത്തിനു വെളിപ്പെടുത്തുന്ന ദൈവപുത്രന്റെ അരികിലാണ് താൻ എന്ന അവബോധത്തോടെയായിരിക്കണം അയാൾ ഇപ്രകാരം പ്രാർത്ഥിച്ചത്.

(ലൂക്കാ 23, 42). “യേശവേ, അങ്ങേ രാജ്യത്തിൽ എന്നെയും ഓർക്കണമേ.”

അയാളുടെ പ്രാർത്ഥനയെ വെല്ലുന്നതായിരുന്ന ക്രിസ്തുവിന്റെ മറുപടി. “ഞാൻ പറയുന്നു, സത്യമായും ഇന്ന് നീ എന്റെകൂടെ പറുദീസയിലായിരിക്കും” (ലൂക്കാം 23, 43). പിതാവിന്റെ ഐക്യത്തിൽ താൻ പ്രവേശിക്കുമെന്നും, മനുഷ്യർക്കായി രക്ഷയുടെ ദൈവിക പാതതുറന്നിടാനാകും എന്നുമുള്ള ഉറപ്പ് ക്രിസ്തുവിനുണ്ടെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു. മനുഷ്യജീവിതത്തിന്റെ ഏതു നിമിഷവും ദൈവിക നന്മയും കാരുണ്യവും നമ്മെ സ്പർശിക്കുമെന്നും, നമ്മുടെ പാപാവസ്ഥയിൽ, ആത്മാർത്ഥമായി ദൈവിക കാരുണ്യത്തിനായി പ്രാർത്ഥിച്ചാൽ സ്നേഹസമ്പന്നനായ പിതാവ് ധൂർത്തപുത്രരായ നമ്മെ സ്വീകരിക്കുമെന്നുമുള്ള പ്രത്യാശയും ക്രിസ്തുവിന്റെ കുരിശിലെ പ്രാർത്ഥന പകർന്നു തരുന്നു.



## 3. പിതൃസമർപ്പണം – മൂന്നാമത്തെ പ്രാർത്ഥന

മരണത്തെ അഭിമുഖീകരിക്കുന്ന ക്രിസ്തു അവസാന പ്രാർത്ഥനയിലേയ്ക്കു കടക്കുന്നു. അപ്പോൾ മദ്ധ്യാഹ്നമായിരുന്നു, ഭൂമിമുഴുവനും അന്ധകാരം വ്യാപിച്ചിരുന്നു. മൂന്നു മണിയായപ്പോൾ സൂര്യൻ മങ്ങി. ദേവാലയത്തിലെ തിരശ്ശീല രണ്ടായി കീറി. അപ്പോൾ ക്രിസ്തു ഉറക്കെ വിലപിച്ചു.

“പിതാവേ, എന്റെ ആത്മാവിനെ ഞാൻ അങ്ങേ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു,” എന്നിട്ട് അവിടുന്ന് പ്രാണൻവെടിഞ്ഞു (ലൂക്കാ 23, 44-46). ലൂക്കായുടെ വിവരണം, മറ്റു സമാന്തര സുവിശേഷകന്മാരായ മാർക്കോസ്, മത്തായി എന്നിവരിൽനിന്നും വ്യത്യസ്തമാണ്.

*< “Father, into Thy hands I commend my spirit.” -Lk. 23, 44*

മൂന്നാം യാമത്തിന്റെ അന്ധകാരത്തെക്കുറിച്ച് മാർക്കോസ് രേഖപ്പെടുത്തുന്നില്ല. എന്നാൽ മത്തായി യുഗാന്ത്യ വിവരണത്തിന്റെ പ്രതീതി ഉണർത്തുമാറ്, “അപ്പോൾ ഭൂമികുലുങ്ങി, ശവകുടീരങ്ങൾ തുറക്കപ്പെട്ടു. മൃതരെല്ലാം ഉയിർത്തു,” എന്നു രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 27, 51-53).



ലൂക്കായുടെ വിവരണത്തിൽ സൂര്യൻ മങ്ങിയതുകൊണ്ടാണ് ഇരുട്ടു വ്യാപിച്ചത്. എന്നാൽ ദേവാലയത്തിലെ വിരി രണ്ടായി കീറിപ്പോയി, എന്നും ചേർത്തിരിക്കുന്നു. അങ്ങനെ ലൂക്കാ രണ്ട് അടയാളങ്ങളാണ് തന്റെ വിവരണത്തിൽ നല്കുന്നത്.

*“Eli eli lamà sabactani…” Lk. 23, 34*

ഒപ്പം അതിൽ അടങ്ങിയിരിക്കുന്ന ആകാശത്തിന്റെയും ഭൂമിയുടെയും സമാന്തര ചിത്രീകരണവും ശ്രദ്ധേയമാണ്. ആകാശത്തിന്റെ പ്രഭമങ്ങിയപ്പോൾ ഭൂമി ഇരുണ്ടുപോയി. ദേവാലയത്തിലെ വിരിമാറുമ്പോൾ ദൈവിക സാന്നിദ്ധ്യം നഷ്ടമാകുന്നു. ക്രിസ്തുവിന്റെ മരണം ഇവിടെ ഒരു പ്രാപഞ്ചിക സംഭവമായും ഭൂമിയിലെ ആരാധനയായും ആവിഷ്ക്കരിക്കപ്പെടുന്നു. പ്രത്യേകിച്ച് ക്രിസ്തുവിൽ തുറക്കപ്പെടുന്ന പുതിയ നിയമത്തിലെ ദൈവികാരാധനയുടെ നാന്ദിയാണിത്. മനുഷ്യനിർമ്മിതമായ ആലയങ്ങളിലല്ല, മറിച്ച് ക്രിസ്തുവിന്റെ മൃതവും ഉത്ഥിതവുമായ ആലയത്തിൽ ജനതകളെ ഒന്നിപ്പിക്കുന്ന അവിടുത്തെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും ആരാധനയായി മാറുന്നു അത്. “പിതാവേ, അങ്ങേ കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു,” എന്ന ക്രിസ്തുവിന്റെ അവസാന വിലാപം ദൈവത്തിലുള്ള പരിപൂർണ്ണ സമർപ്പണത്തിന്റെ പ്രതീകമാണ്. താൻ പരിത്യക്തനല്ലെന്നും ഈ പ്രാർത്ഥനയിലൂടെ ക്രിസ്തു വെളിപ്പെടുത്തുന്നു. “പിതാവേ,” എന്ന വിളിയിൽ 12 വയസ്സുള്ള ബാലനായ യേശുവിന്റെ ദേവാലയ സന്ദർശനം അനുസ്മരിക്കപ്പെടുന്നുണ്ട്. ക്രിസ്തു അന്ന് മൂന്നുനാൾ ജരൂസലേം ദേവാലയത്തിൽ ചിലവഴിച്ചു. ആ ദേവാലയത്തിന്റെ വിരിയാണ് അവിടുത്തെ മരണത്തെ തുടർന്ന് രണ്ടായി ഭേദിക്കപ്പെട്ടത്. പണ്ടൊരിക്കൽ ബാലനായിരിക്കെ ഈ ദേവാലയത്തിൽ കാണാതായപ്പോൾ മാതാപിതാക്കൾ അവരുടെ വിഷമം അവിടുത്തെ അറിയിച്ചപ്പോഴുണ്ടായ മറുപടി ശ്രദ്ധേയമാണ്. “നിങ്ങളെന്തിനാണ് എന്നെ അന്വേഷിച്ചത്. ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടതല്ലയോ,” എന്നായിരുന്നു (ലൂക്കാ 2, 49). ക്രിസ്തുവിന്റെ ഈ ഭൂമിയിലെ ജീവിതത്തിൽ തന്റെ ആദ്യന്ത്യ വികാര വിചാരങ്ങളും, വാക്കുകളും പ്രവൃത്തികളുമെല്ലാം വെളിപ്പെടുന്നത് ദൈവവുമായുള്ള അന്യൂനമായ ബന്ധമാണ്. ആ ആത്മബന്ധം കുരിശിലെ പ്രാർത്ഥനകളിൽ പ്രകടമാക്കപ്പെടുന്നു.



*Lorenzo Monet as young Jesus in the temple –in Zaffarelli’s masterpiece*

“പിതാവേ” എന്ന സംബോധനയ്ക്കുശേഷം “എന്റെ ആത്മാവിനെ അങ്ങേ കരങ്ങളിൽ സമർപ്പിക്കുന്നു,” എന്ന ക്രിസ്തുവിന്റെ പ്രാർത്ഥനാഭാഗം സങ്കീർത്തനമാണ് (സങ്കീ. 31, 6). എന്നാൽ സങ്കീർത്തനത്തിലെ ഉദ്ധരണി എന്നതിനെക്കാൾ പിതൃകരങ്ങളിലേയ്ക്കുള്ള അവിടുത്തെ സമ്പൂർണ്ണ സമർപ്പണമാണ് ഈ വചനം വെളിപ്പെടുത്തുന്നത്. ദൈവിക സ്നേഹത്തിലുള്ള സമ്പൂർണ്ണ വിധേയത്വവും ആത്മവിശ്വാസവും പ്രകടിപ്പിക്കുന്ന വചനമാണിത്. മാനുഷികമായ കാഴ്ചപ്പാടിൽ യേശുവിന്റെ കുരിശിലെ പ്രാർത്ഥന വളരെ ദാരുണമാണ്, എന്നാൽ പിതാവിലുള്ള സമ്പൂർണ്ണ സമർപ്പണംവഴി അതിൽ ചൂഴ്ന്നിറങ്ങുന്ന ആഴമായ പ്രശാന്തത ആരെയും അമ്പരപ്പിക്കുന്നു. ഗദ്സേമിനിയിൽ താൻ മനുഷ്യകരങ്ങളിൽ ഏല്പിക്കപ്പെടാൻ പോകുന്ന അവസരത്തിലുണ്ടായ വ്യഥയിലുയർന്ന (ലൂക്കാ 9, 44) ആന്തരിക സംഘർഷത്തിന്റെ പ്രാർത്ഥനയിൽ അവിടുത്തെ ശരീരത്തിൽനിന്ന് രക്തകണങ്ങൾ വാർന്ന് നിലത്തു വീണു (ലൂക്കാ 22, 44). പിതാവിന്റെ ഹിതത്തിന് പൂർണ്ണമായും കീഴ്പ്പെടുന്ന ക്രിസ്തുവിന്റെ മരണവ്യഥയിൽ സമാശ്വാസിപ്പിക്കാൻ സ്വർഗ്ഗത്തിൽനിന്നും ദൂതൻ ഇറങ്ങിവന്നു (ലൂക്കാ 22, 42, 43).



*“Son of Man must be handed over to sinful men.” – Lk. 24, 7*

അവസാന നിമിഷങ്ങളിൽ മാത്രമല്ല, ജീവിതം മുഴുവനും പിതൃകരങ്ങളിൽ സമർപ്പിച്ച പുത്രനാണ് ശാന്തമായി പ്രാർത്ഥിക്കുന്നത്. “മനുഷ്യപുത്രൻ മനുഷ്യരുടെ കരങ്ങളിൽ ഏല്പിക്കപ്പെടും,” (ലൂക്കാ 9, 4) എന്നാണ് ജരൂസലേമിലേയ്ക്കുള്ള തന്റെ അവസാനത്തെ യാത്രയ്ക്കു മുൻപ് ക്രിസ്തു തന്റെ ശിഷ്യന്മാരെ ഉദ്ബോധിപ്പിച്ചത്. മനുഷ്യകരങ്ങളിൽ ഏല്പിക്കപ്പെട്ടവൻ തന്റെ ശരീരവും ആത്മാവും, എല്ലാം പരമമായി പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കുന്നു. യോഹന്നാൻ സുവിശേഷകൻ എഴുതുന്ന, “എല്ലാം പൂർത്തിയായി,” എന്ന പ്രയോഗം പരിധികൾക്കുമപ്പുറം സ്നേഹത്തിന്റെ പരമയാഗം സമാപിച്ചുവെന്ന് വെളിപ്പെടുത്തുന്നു.



*“It’s accomplished…” Jn.19, 30*

അങ്ങനെ ക്രിസ്തുവിന്റെ കുരിശിലെ പ്രാർത്ഥന നമ്മുടെ പ്രാർത്ഥനകളെ പ്രചോദിപ്പിക്കുകയും, ആത്മവിശ്വാസവും പ്രത്യാശയും പകർന്നു തരികയും ചെയ്യുന്നു. കുരിശിൽ കിടന്നപ്പോഴും ഘാതകരോടു ക്ഷമിക്കുവാൻ പ്രാർത്ഥിച്ച അവിടുന്ന് നമ്മുടെ അനുദിന ജീവിതത്തിലും അതേ ക്ഷമയുടെ പ്രാർത്ഥന മാതൃകയാക്കാൻ ആവശ്യപ്പെടുന്നുണ്ട്. ദൈവം നമ്മോടു കാണിക്കുന്ന അനന്തമായ ക്ഷമ പ്രാവർത്തികമാക്കാനുള്ള ആഹ്വാനവുമാണ് ഈ പ്രാർത്ഥന. ഞങ്ങളോട് തെറ്റുചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, എന്നാണല്ലോ സ്വർഗ്ഗസ്ഥനായ പിതാവേ, എന്ന പ്രാർത്ഥനയിലും ക്രിസ്തു നമ്മെ പഠിപ്പിച്ചത്. ജീവിത പ്രതിസന്ധികളും പ്രയാസങ്ങളും എത്ര കഠിനമായിരുന്നാലും നമ്മെ സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവകരങ്ങളിൽനിന്നും അകന്നു പോകരുതെന്ന് ക്രിസ്തുവിന്റെ കുരിശിലെ സമർപ്പണം വെളിപ്പെടുത്തുന്നു.

*An extract from the discourse of Holy Father Pope Benedict XVI at the General Audience of 15th February 2012.*

# ഭാരത സഭയ്ക്ക് സവിശേഷ അംഗീകാരമായി മാർ ജോർജ്ജ് ആലഞ്ചേരി കർദ്ദിനാൾ സംഘത്തിലേയ്ക്ക്



ഭാരതത്തിന്റെ പതിനൊന്നാമത്തെ കർദ്ദിനാളും സീറോ മലബാർ സഭയിൽനിന്നുമുള്ള നാലാമത്തെ കർദ്ദിനാളുമാണ് മാർ ജോർജ്ജ് ആലഞ്ചേരി.







*Scenes from Vatican –after the Consistory 2012*

തമിഴ്നാട്ടിലെ തക്കല രൂപതയുടെ പ്രഥമ മെത്രാനായി സേവനംചെയ്യവേയാണ് സീറോ മലബാർ സഭയുടെ സിനഡ് മാർ ആലഞ്ചേരിയെ മേജർ ആർച്ചുബിഷപ്പായി തിരഞ്ഞെടുത്തതും ബനഡക്ട് 16-◌ാമൻ മാർപാപ്പ സീറോ-മലബാർ സിനഡിന്റെ തിരഞ്ഞെടുപ്പ് അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തെ എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താ പദവിയിലേയ്ക്ക് ഉയർത്തിയതും.
സീറോ മലബാർ സഭയുടെ സിനഡ് തിരഞ്ഞെടുക്കുന്ന ആദ്യത്തെ മെത്രാപ്പോലീത്തയാണ് മാർ ആലഞ്ചേരി. ഫെബ്രുവരി 18-◌ാ◌ം തിയതി വത്തിക്കാനിൽ നടന്ന ആഗോള സഭയിലെ കർദ്ദിനാളന്മാരുടെ *(Consistory)* കൂട്ടായ്മയിൽവച്ച് ബനഡിക്ട് 16-◌ാമൻ മാർപാപ്പ മാർ ആലഞ്ചേരിയെ സ്ഥാനിക ചിഹ്നങ്ങളും അധികാരങ്ങളും നല്കി കർദ്ദിനാളാൾ പദവിയിലേയ്ക്ക് ഉയർത്തി. ലോകമെമ്പാടുമുള്ള സീറോ സഭാ മക്കളുടെ പ്രതിനിധികൾ സഭയിലെ രാജകുമാരൻ പദവി സ്വീകരിക്കുന്ന ചടങ്ങിന് ദൃക്സാക്ഷികളാകുവാൻ വത്തിക്കാനിൽ എത്തിയിരുന്നു.




*Flanked by the ministerial team from India*


കേരളത്തിലെ ചങ്ങനാശ്ശേരി അതിരുപതാംഗമായ കർദ്ദിനാൾ മാർ ആലഞ്ചേരി തുരുത്തി ഗ്രാമത്തിലാണ് ജനിച്ചത്. രൂപതാ സെമിനാരിൽ പഠനമാരംഭിച്ച അദ്ദേഹം പിന്നീട് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി.

1972-ൽ വൈദികപട്ടം സ്വീകരിച്ചു. ഫ്രാൻസിലെ സൊർബോൺ യൂണിവേഴ്സിറ്റിയിൽനിന്നും മതബോധന ശാസ്ത്രത്തിൽ ഡോക്ടർ ബിരുദം കർസ്ഥമാക്കിയ ഫാദർ ആലഞ്ചേരി ചങ്ങനാശ്ശേരി അതിരൂപതയുടെ മതബോധന ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ആറു വർഷത്തിലേറെ കേരള സഭയുടെ ആസ്ഥാനമായ പിയോസിയുടെ (POC) ഡയറക്ടറായും കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ ഡപ്യൂട്ടി സെക്രട്ടറിയായും ചെയ്തിട്ടുള്ള സേവനങ്ങൾ സ്തുത്യർഹമാണ്. വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിലും ആലുവ പൊന്തിഫിക്കൽ സെമിനാരിയിലും ഫാദർ ആലഞ്ചേരി അജപാലന ദൈവശാസ്ത്ര വിഷയത്തിന്റെ പ്രഫസറായും പ്രവർത്തിച്ചിട്ടുണ്ട്. POC-യിലെ സേവനത്തിനുശേഷം അദ്ദേഹം ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറലായി പ്രവർത്തിക്കുമ്പോഴാണ് തക്കലയുടെ പ്രഥമ മെത്രാനായി നിയമിതനായത്. ഭാരതസഭയ്ക്ക് അംഗീകാരവും അഭിമാനവുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പുതിയ മാർപാപ്പയെ തിരഞ്ഞെടുക്കാൻ അധികാരമുള്ള ആഗോളസഭയുടെ 120 കർദ്ദിനാളന്മാരുടെ സംഘത്തിലെ അംഗമാണ്.

കേരളസഭയ്ക്ക് ഭൂഷണമായ ആദ്യത്തെ കർദ്ദിനാൾ എറണാകുളം അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്തയായിരുന്ന കർദ്ദിനാൾ മാർ ജോസഫ് പാറേക്കാട്ടിലാണ്. തുടർന്ന് കേരളത്തിൽനിന്ന് കർദ്ദാനാൾ പദവിയിലേയ്ക്കുയർത്തപ്പെട്ട മാർ ആന്റെണി പടിയറ, മാർ വർക്കി വിതയത്തിൽ എന്നിവരും സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷന്മാരും എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താമാരുമായിരുന്നു.



*The first Cardinal of Kerala, Mar Joseph Pareckatil with Blessed John Paul II*





*The great prelates of Kerala – Mar Antony Padiyara and Mar Varkey Vithayathil*

കാലംചെയ്ത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ്സാണ് ഭാരതത്തിന്റെ പ്രഥമ കർദ്ദിനാൾ. 1953-ൽ പിയൂസ് 12-ാമൻ മാർപാപ്പയാണ് മുബൈ അതിരൂപാദ്ധ്യക്ഷനെ കർദ്ദിനാൾ പദവിയിലേയ്ക്കുയർത്തിയത്. കൽക്കട്ട മുൻ-അതിരൂപതാദ്ധ്യക്ഷൻ പരേതനായ കർദ്ദിനാൾ ലോറെൻസ് പിക്കാച്ചി, ബാംഗളൂരിന്റെ മുൻ മെത്രാപ്പോലീത്തയും സുവിശേഷവത്ക്കരണത്തിനായുള്ള വത്തിക്കാൻ സംഘത്തിന്റെ മുൻ-പ്രീഫെക്ട്, ഇപ്പോൾ റോമിൽ വിശ്രമജീവിതം നയിക്കുന്ന കർദ്ദിനാൾ ദുരൈസ്വാമി സൈമൺ ലൂർദ്ദുസ്വാമി, മുൻ-മുബൈ അതിരൂപതാദ്ധ്യക്ഷൻ വിശ്രമജീവിതം നയിക്കുന്ന സൈമൺ പിമേന്താ, സുവിശേഷവത്ക്കരണത്തിനായുള്ള വത്തിക്കാൻ സംഘത്തിന്റെ പ്രീഫെക്ട് പദവിയിൽനിന്നും അടുത്ത കാലത്ത് വിരമിച്ച മുമ്പൈ മുൻഅതിരൂപതാദ്ധ്യക്ഷൻ ഐവാൻ ഡയസ്, റാഞ്ചി അതിരൂപതയുടെ ഇപ്പോഴത്തെ മെത്രാപ്പോലീത്താ ടെലിസ്ഫോർ പ്ലാസിഡസ് തോപ്പോ, മുമ്പൈ അതിരൂപതാദ്ധ്യക്ഷനും ഇപ്പോഴത്തെ ഭാരതത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റുമായ ഓസ്വാൾഡ് ഗ്രേഷ്യസ് എന്നിവരാണ് ഇന്ത്യയുടെ ലത്തീൻ സഭയിൽനിന്നുമുള്ള മറ്റു കർദ്ദിനാളന്മാർ.

# മൊഴിയും മൗനവും ആശയവിനിമയ ലോകത്തെ ആപൂർവ്വശക്തികൾ

ബനഡിക്ട് 16-ാമൻ മാർപാപ്പ നല്കുന്ന
2012-ലെ ലോക മാധ്യമദിന സന്ദേശം

## 1. പരസ്പര പൂരകമാകേണ്ട മൊഴിയും മൗനവും



A message straight from the heart of His Holiness on silence and word

ആശയവിനിമയ പ്രക്രിയയിൽ അവഗണിക്കപ്പെട്ടിരിക്കുന്നതും എന്നാൽ ഇന്ന് ഏറെ അത്യന്താപേക്ഷിതവുമായ മേഖലയെ സ്പർശിക്കുന്നതാണ് 2012-ലെ മാധ്യമദിന സന്ദേശം. മൊഴിയുടെയും മൗനത്തിന്റെയും അനുപാതമാണ് ഈ പ്രത്യേക മേഖല. മൊഴിയും മൗനവും തമ്മിലുള്ള സന്തുലിതാവസ്ഥ പാലിച്ചുകൊണ്ടും അവയുടെ അളവിൽ ആവശ്യാനുസരണം പ്രായോഗികമായ മാറ്റങ്ങൾ വരുത്തിയും, ചിലപ്പോൾ ഒന്നൊന്നിനെ സമന്വയിപ്പിച്ചുമാണ് വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും ആശയവിനിമയത്തിലൂടെ ആഴമായ ബന്ധം സ്ഥാപിക്കുവാനുള്ള മാർഗ്ഗം. മൊഴിയും മൗനവും പരസ്പര പൂരകങ്ങളാകുമ്പോൾ ആശയവിനിമയത്തിന് അർത്ഥവും മൂല്യവുമാർജ്ജിക്കുന്നു; മറിച്ച് ഒന്നു മറ്റൊന്നിനെ നിഷേധിക്കുമ്പോൾ സംവേദനം നിലച്ച് വ്യക്തിബന്ധങ്ങളിൽ വിള്ളലും സംഭ്രാന്തിയും മാന്ദ്യവും സംഭവിക്കുന്നു.

## 2. വിനിമയ ലോകത്തെ സുപ്രധാന ഘടകം - മൗനം

മൗനം ആശയവിനിമയത്തിന്റെ അവിഭാജ്യ ഘടകമാണ്. അതിന്റെ അഭാവത്തിൽ അർത്ഥസമ്പുഷ്ടമായ വാക്കുകൾക്കുപോലും നിലനില്പില്ലാതാകും. എന്നിലേയ്ക്ക് തിരിഞ്ഞ് സ്വയം മനസ്സിലാക്കുവാനും നവമായ ആശയങ്ങൾക്ക് രൂപംനല്കുവാനും അവയെ ആഴപ്പെടുത്തുവാനും സാധിക്കുന്നത് മൗനത്തിന്റെ പ്രശാന്തതയിലാണ്. അതുപോലെ ആന്തരീക മൗനത്തിൽനിന്നുമാണ് മറ്റുള്ളവരെ ശ്രവിക്കുവാനും അവരോട് പറയാനുള്ളത് പറയുവാനുംവേണ്ട സുവ്യക്തതയും കരുത്തും ആർജ്ജിക്കുന്നത്. ഒരാൾ മൗനംഭജിക്കുമ്പോഴാണ് അപരന് സംവദിക്കുവാനും തന്നെത്തന്നെ പ്രകടമാക്കുവാനും ഇടമുണ്ടാകുന്നത്; അങ്ങനെ വാക്കുകൾ സജീവമായി അതിൽനിന്ന് ചിന്തകൾ ചിറകുവിരിച്ച്, അവ പങ്കുവയ്ക്കുവാൻ അവസരം ലഭിക്കുന്നു. മൊഴിയുടെയും മൗനത്തിന്റെയും സന്തുലിതമായ പ്രയോഗമാണ് സംവാദത്തിന് വേദിയൊരുക്കുന്നതും മനുഷ്യബന്ധങ്ങളെ ദൃഢപ്പെടുത്തുന്നതും. സ്നേഹിക്കുന്നവർ അവരുടെ സ്നേഹം പ്രകടമാക്കുന്നതും സംവദിക്കുന്നതും മൗനാന്തരീക്ഷത്തിൽ മുഖഭാവത്തിലൂടെയും ആംഗ്യത്തിലൂടെയും അഭിനയത്തിലൂടെയുമാണ്. മനുഷ്യജീവിതത്തിന്റെ സന്തോഷവും ആകാംക്ഷയും വേദനയുമെല്ലാം മൗനത്തിലൂടെയാണ് പങ്കുവയ്ക്കപ്പെടുന്നത്.



Charms of solitude – in Castle Gandolfo – Summer 2011

### 3. മൗനത്തിന്റെ സംവേദനശക്തി




യഥാർത്ഥത്തിൽ മനുഷ്യചേതന ആവിഷ്ക്കരണ സമർത്ഥമാകുന്നത് മൗനാന്തരീക്ഷത്തിലാണ്. മനുഷ്യബന്ധങ്ങളുടെ സത്യമായ സ്വഭാവവും തോതും മേന്മയും വെളിപ്പെടുത്തിക്കൊണ്ട് അപരനെ മാനിക്കുവാനും കാതോർക്കുവാനുമുള്ള സൂക്ഷ്മ സംവേദനശക്തി വളരുന്നതും മൗനമായിരിക്കുമ്പോഴാണ്. മാധ്യമാധിപത്യമുള്ള നമ്മുടെ ലോകത്ത് ശരിയും തെറ്റും, പ്രസക്തവും അപ്രസക്തവും, ആപേക്ഷികവും സ്ഥായീഭാവമുള്ളതും തമ്മിൽ കതിരും പതിരുംപോലെ മെനഞ്ഞെടുക്കാൻ ആന്തരിക മൗനത്തിന്റെ പ്രശാന്തത അനിവാര്യമാണ്. പ്രഥമദൃഷ്ട്യാ പരസ്പര ബന്ധമില്ലാത്തതെന്നു തോന്നുന്ന സംഭവങ്ങളിൽ അന്തർലീനമായിരിക്കുന്ന ഉൾച്ചേർച്ചയുടെ പൊരുൾ കണ്ടെത്താനും അവ വിലയിരുത്താനും വിശകലനംചെയ്യാനും നമ്മെ സഹായിക്കേണ്ടത് മൗനമായ വിചിന്തനമാണ് അല്ലെങ്കിൽ ധ്യാനമാണ്. അതുവഴി ഉണരുന്ന ചിന്തോദ്ദീപകവും പ്രസക്തവുമായ ആശയങ്ങളിലൂടെ മാത്രമേ പങ്കുവയ്ക്കാവുന്ന അറിവിന്റെ സ്രോതസ്സ് വളർത്തിയെടുക്കാനാവൂ. ഇതു യഥാർത്ഥ്യമാകണമെങ്കിൽ മൊഴിയുടേയും മൗനത്തിന്റേയും, ദൃശ്യ-ശ്രാവ്യ ബിംബങ്ങളുടേയും മേഖലകൾ തമ്മിലുള്ള ന്യായമായ സന്തുലിതാവസ്ഥ പാലിക്കുന്ന മാധ്യമലോകവും അതിന്റെ വിനിമയശൃംഖലയും വളർത്തിയെടുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

*The power of silence – Mother who spent most of the day in silence*

### 4. മൗനവും മാധ്യമങ്ങളും

ഇക്കാലത്തെ ആശയവിനിമയ പ്രക്രിയയ്ക്ക് ഊർജ്ജംപകരുന്നത് ഉത്തരങ്ങൾക്കായുള്ള അന്വേഷണമാണ്. ആധുനിക മനുഷ്യന്റെ ജീവിതവ്യഗ്രതകളിൽ സമാശ്വാസവും ആശങ്കയിൽ പ്രത്യാശയും, നവമായ ആശയങ്ങളും നല്കിക്കൊണ്ട് അറിവിന്റെ സ്രോതസ്സാകുന്നത് ഇന്ന് സാമൂഹ്യസമ്പർക്ക മാധ്യമശൃംഖലയും അത്യാധുനിക അന്വേഷണ യന്ത്രങ്ങളുമാണ്. ഇന്നുവരെ അപ്രാപ്യവും ഒരു പരിധിവരെ ആവശ്യമല്ലാത്തതും, ചിലപ്പോൾ അനാവശ്യവുമായ അന്വേഷണങ്ങൾക്കുപോലും ഉത്തരംനല്കാൻ സമകാലീന ഇന്റെർനെറ്റ് സംവിധാനങ്ങൾക്കു കരുത്തുണ്ട്.
ആധുനിക മാധ്യമശൃംഖലയിൽ വന്നുകൂടുന്ന വിവരശേഖരങ്ങളുടെയും വസ്തുതകളുടെയും ഭണ്ഡാരത്തിന്റെ അധികഭാരം മനസ്സിലാക്കി വിവേകപൂർണ്ണമായ വിവേചനം പാലിച്ചുകൊണ്ട് ശരിയും തെറ്റും തിരിച്ചറിയുന്നതിനും, നന്മയിൽ ജീവിക്കുന്നതിനും അനുപേക്ഷണീയമായ മൂല്യം മൗനമാണ്.
ആധുനിക വിവരസാങ്കേതികതയുടെ വൈവിധ്യവും സങ്കീർണ്ണവുമായ ലോകത്ത് ഞാനാരാണെന്നും, എനിക്കെന്തറിയണം, എന്താണു ചെയ്യേണ്ട്ത്, എന്തന്വേഷിക്കണം എന്നീ അസ്തിത്വത്തിന്റെ അടിസ്ഥാന ചോദ്യങ്ങൾക്കു മുന്നിൽ മനുഷ്യൻ ഇന്നും ഉത്തരംമുട്ടി നില്കുകയാണ്.



*Human’s insatiable querries in modern search engines*



ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുന്നവരെ അംഗീകരിക്കുകയും അവരുമായി ആഴമായ സംവാദത്തിനുള്ള സാദ്ധ്യതകൾ വളർത്തിയെടുക്കുകയും, വാചാലമായ വാഗ്ദ്ധോരണിക്കോ ദ്രുതഗതിയിലുള്ള പ്രത്യുത്തരത്തിനോ പകരം, മൗനമായ വിചിന്തനത്തിനായുള്ള ക്ഷണത്തിലൂടെ അവരുടെ അസ്തിത്വത്തിന്‍റെ അന്തർഗതങ്ങളിൽ എത്തിച്ചേരുകയും, ദൈവംതന്നെ അവരുടെ ഹൃദയാന്തരാളങ്ങളിൽ കോറിയിട്ടിരിക്കുന്ന അറിവിന്‍റെ അവബോധം കണ്ടെത്താൻ അവരെ സഹായിക്കുകയുമാണ് വേണ്ടത്. അസ്തിത്വത്തെ ആധാരമാക്കിയുള്ള ഈ അടിസ്ഥാന ചോദ്യങ്ങൾ മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന വലിയ അസ്വസ്ഥതയും ജീവിതത്തിന് ശരിയായ അർത്ഥംപകരുന്ന അടിസ്ഥാനപരവും ആനുപാതീകവുമായ സത്യാന്വേഷണമാണ് വെളിപ്പെടുത്തുന്നത്. ചോദ്യംചെയ്യപ്പെടാത്തതും സംശയാസ്പദവുമായ അഭിപ്രായങ്ങളിലും ജീവിതാനുഭവങ്ങളിലും മുന്നോട്ടു ചരിക്കാൻ ഇന്ന് മനുഷ്യനാവുന്നില്ല. കാരണം എല്ലാവരും സത്യാന്വേഷകരും ഉള്ളിന്‍റെ ഉള്ളിൽ സത്യത്തിനായുള്ള അഭിവാഞ്ഛയുള്ളവരുമാണ്. ആശയങ്ങൾ സത്യസന്ധമായി പങ്കുവയ്ക്കുന്നവർ തങ്ങളെത്തന്നെയും, അവരുടെ ലോകദർശനവും ആശകളും പ്രത്യാശകളുമാണ് വെളിപ്പെടുത്തുന്നത്.

*Search for the fundamental truths*

### 5. മൗനം ആത്മീയതയുടെ വാചാലത

ചിന്തിക്കുവാനും ചിന്തിപ്പിക്കുവാനും, മൗനമായി പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും, വചനം പങ്കുവയ്ക്കാനും യഥാർത്ഥത്തിൽ മനുഷ്യരെ സഹായിക്കുന്ന സമ്പർക്ക മാധ്യമ ശൃംഖലകളെയും, വെബ് സൈറ്റുകളെയും, അവയുമായി ബന്ധപ്പെട്ട മറ്റ് ഉപാധികളെയും നാം പ്രത്യേകം തിരിച്ചറിയുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്. ആശയവിനിമയത്തിൽ നേരിട്ടു വ്യാപൃതരായിരിക്കുന്നവർ ആഴമായ ആന്തരികത വർദ്ധിപ്പിച്ചെടുക്കുകയാണെങ്കിൽ, തിരുവചനത്തിൽനിന്നും അല്ലെങ്കിൽപ്പോലും, മൂല്യാധിഷ്ഠിതവും ആഴവുമായ ആത്മീയ ചിന്തകൾ മാധ്യമ ലോകവുമായി സംക്ഷിപ്തമായി പങ്കുവയ്ക്കാനാകും. സകലത്തിനും അർത്ഥംനല്കുന്ന സത്യം കണ്ടെത്തുന്നതിനും, അതിൻപ്രകാരം ജീവിതങ്ങൾ പുനരാവിഷ്ക്കരിക്കുന്നതിനുള്ള സവിശേഷ മാർഗ്ഗങ്ങളായി ലോകമതങ്ങൾ നിർദ്ദേശിക്കുന്നത് മൗനവും ഏകാന്തതയുമാണ്. മനുഷ്യന് സ്വയം വെളിപ്പെടുത്തിയ ദൈവം ക്രിസ്തുവിലും അവിടുത്തെ കുരിശിലും ദൃശ്യമാകുന്നതുപോലെ, മൗനത്തിന്‍റെ പ്രശാന്തതയിൽ മനുഷ്യരോടു സംസാരിക്കുന്ന ദൈവത്തെ വിശുദ്ധ ഗ്രന്ഥത്തിന്‍റെ ഏടുകളിൽ നാം കണ്ടെത്തുന്നു. ദൈവിക മൗനവും പിതാവിൽനിന്നുമുണ്ടായ അകൽച്ചയുടെ അനുഭവവുമാണ് തന്‍റെ ജീവിതത്തിന്‍റെ ആദ്യഘട്ടത്തിൽ, പുത്രനും മാംസംധരിച്ച വചനവുമായ ക്രിസ്തുവിൽ ആത്മീയമൗനമായി നാം കാണുന്നത് – ആദിവചനത്തെ ധ്യാനിച്ച ക്രിസ്തുവിന്‍റെ ആന്തരിക മൗനം. മാനുഷിക ബുദ്ധിക്ക് അഗ്രാഹ്യമാംവിധം ഈ ലോകത്തെ ആവരണംചെയ്യുന്ന അന്ധകാരത്തിന്‍റെ നിമിഷങ്ങളിൽ നിശബ്ദതയുടെ നിഗൂഢതയിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു. *(Verbum Domini 21).* ദൈവസ്നേഹത്തിന്‍റെ വാചാലത നിഗൂഢമായ മൗനമായിട്ടാണ് കുരിശിലെ പരമയാഗത്തിൽ പ്രകടമായത്. ദുഃഖവെള്ളിയിലെ ക്രിസ്തുവിന്‍റെ മരണസമയത്ത് നിഗൂഢമായൊരു മൂകത ലോകമെമ്പാടും വ്യാപിച്ചു. എന്നാൽ കല്ലറയിൽ വിശ്രമിച്ച രാജാധിരാജനും ദൈവവുമായ അവിടുന്ന് വലിയ ശനിയാഴ്ചയിലെ തന്‍റെ ഉത്ഥാനത്തിലൂടെ യുഗങ്ങളായി അന്ത്യവിശ്രമംകൊണ്ടിരുന്ന സകലരേയും ഉയർത്തി. അങ്ങനെ അവിടുത്തെ തിരുമരണത്തിന്‍റെ മൂകതയിൽനിന്നും ഉയരുന്ന മനുഷ്യരാശിയോടുള്ള ആർദ്രമായ സ്നേഹത്തിന്‍റെ ദൈവികസ്വരം ക്രിസ്തുവിലൂടെ സുവിശേഷമായി പ്രപഞ്ചമാകെ ഇന്നും പ്രതിധ്വനിക്കുന്നു (പെസഹാരാത്രിയിലെ യാമപ്രാർത്ഥന).



*The eloquence of silence – Mother Teresa of Avila*

### 6. മൗനമായി ദൈവത്തോടു സംവദിക്കാം, ദൈവം നമ്മോടും



ദൈവം മൗനമായി മനുഷ്യോട് സംസാരിക്കുന്നുവെങ്കിൽ, ആ ദൈവത്തോടും ദൈവത്തെക്കുറിച്ചും മൗനമായി ധ്യാനിക്കാൻ മനുഷ്യർക്കും സാധിക്കണം. ആ ദൈവിക പ്രശാന്തതയിലേയ്ക്കു നമ്മെ നിവേശിപ്പിക്കുകയും രക്ഷാവചനം മാംസംധരിച്ച അനുഭവത്തിൽ നമ്മെ എത്തിക്കുകയും ചെയ്യുന്ന ധ്യാനാത്മകമായ മൗനമാണ് നമുക്കാവശ്യം (*cf. Homily, 6 October 2006, International Theological Commission).* ദൈവമഹത്വം വർണ്ണിക്കാൻ മനുഷ്യന്റെ വാക്കുകൾ എപ്പോഴും അപര്യാപ്തങ്ങളാകയാൽ ആ മഹത്വത്തെക്കുറിച്ചു മൗനമായി ധ്യാനിക്കാൻ ഇടം കണ്ടെത്തേണ്ടിയിരിക്കുന്നു. ധ്യാനത്തിൽനിന്നുയരുന്ന മൗനത്തിന്റെ ആന്തരിക ശക്തിയാൽ ദൈവവുമായി സംവദിക്കുന്നതിനും ദൈവത്തിൽ വിശ്വസിക്കുന്നതിനും, "നാം കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങൾ" മറ്റുള്ളവരോട് പ്രഘോഷിക്കുന്നതിനുള്ള പ്രേഷിത ചൈതന്യവും ഉത്തരവാദിത്വവും ഉടലെടുക്കുകയും ചെയ്യും. മൗനമായ ധ്യാനം നമ്മെ സഹോദരങ്ങളോട് അടുപ്പിക്കുകയും അവരുടെ യാതനകളിൽ പ്രതിബദ്ധതയുള്ളവരാക്കുകയും, ക്രിസ്തുവിന്റെ പ്രകാശവും ജീവന്റെ സന്ദേശവും രക്ഷാദാനമാകുന്ന സമ്പൂർണ്ണസ്നേഹം പങ്കുവയ്ക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

### 7. വാക്കുകളേയും പ്രവൃത്തികളേയും കണ്ണിചേർക്കുന്ന മൗനം

ഈ പ്രപഞ്ചം സൃഷ്ടിച്ച നിത്യവചനത്തിന്റെ സാന്നിദ്ധ്യം പൂർവ്വോപരി ശക്തമായി നമ്മുടെ ജീവിതത്തിൽ അനുഭവവേദ്യമാക്കുവാനും, തന്റെ വാക്കാലും പ്രവൃത്തിയാലും മനുഷ്യചരിത്രത്തിൽ ദൈവം നിവർത്തിച്ച രക്ഷാകര പദ്ധിയെക്കുറിച്ചുള്ള അവബോധം വളർത്തുവാനും മൗനമായ ധ്യാനം നമ്മെ സഹായിക്കും.

*Francis spoke to God in silence – Oil on canvas by Carravagio*

രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ, ദൈവികപദ്ധതിയുടെ പൂർത്തീകരണം സാധിക്കുന്നത് ആന്തരീക ഐക്യമുള്ള വാക്കുകളും പ്രവൃത്തികളും പരസ്പരം പങ്കുവയ്ക്കുന്നതു വഴിയാണ്. രക്ഷാകര ചരിത്രത്തിൽ ദൈവം ചെയ്ത മഹിമകൾ പ്രതിഫലിപ്പിക്കുന്നത് വാക്കുകൾ ഉൾക്കൊള്ളുന്ന യാഥാർത്ഥ്യങ്ങളും അവയുടെ മൂല്യങ്ങളുമാണ്. വാക്കുകൾ പ്രവൃത്തികളെ വ്യാഖ്യാനിക്കുകയും അവയിൽ ഉൾക്കൊള്ളുന്ന രഹസ്യം വെളിപ്പെടുത്തുകയും ചെയ്യുന്നു.



*The solitude and silence sages have seen - Papa in Castle Gandolfo*

*(Dei Verbum 2)*. വെളിപാടിന്റെ പൂർത്തീകരണവും ദൈവിക മദ്ധ്യസ്ഥനുമായ നസ്രായനായ യേശുവിന്റെ വ്യക്തിത്വത്തിലാണ് രക്ഷാകരപദ്ധതി ഈ ഭൂമിയിൽ പൂർത്തിയായത്. പിതാവായ ദൈവത്തിന്റെ സത്യമായ മുഖകാന്തി വെളിപ്പെടുത്തിയത് ക്രിസ്തുവാണ്. തന്റെ കുരിശുമരണവും ഉത്ഥാനവുംവഴി പാപത്തിന്റേയും മരണത്തിന്റേയും ബന്ധനങ്ങളിൽനിന്നും മോചിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്ക് മനുഷ്യരെ ഉയർത്തിയതും ക്രിസ്തുവാണ്. അസ്വസ്ഥമായ മനുഷ്യഹൃദയങ്ങൾക്ക് മനുഷ്യാസ്തിത്വത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചുള്ള അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരവും ശാശ്വതമായ ശാന്തിയും നല്കുന്നത് ക്രിസ്തുവിന്റെ മൗതിക രഹസ്യങ്ങളെക്കുറിച്ചുള്ള ധ്യാനമാണ്.

## 8. സുവിശേഷവത്ക്കരണ പാതയിലെ മൊഴിയും മൗനവും

സഭയുടെ ദൗത്യം ഉത്ഭവിക്കുന്നതും ഓരോ ക്രൈസ്തവനെയും പ്രത്യാശയുടേയും രക്ഷയുടേയും സന്ദേശവാഹകനാക്കുന്നതും, മനുഷ്യാന്തസ്സു മാനിച്ചുകൊണ്ട്, നമ്മെ നീതിയും സമാധാനവും വളർത്തുന്ന ദിവ്യസ്നേഹത്തിന്റെ സാക്ഷികളാക്കുന്നതും ക്രിസ്തുവിന്റെ മൗതിക രഹസ്യംമാണ്. സംസാരിക്കുന്നതോടൊപ്പം ശ്രവിക്കുന്നതും ധ്യാനിക്കുന്നതുമാണ് ആശയവിനിമയം എന്ന പ്രക്രിയ. സുവിശേഷവത്ക്കരണ ജോലിയിൽ വ്യാപൃതരായിരിക്കുന്നവരെ സംബന്ധിച്ച് ഇതു വളരെ അന്വർത്ഥമാണ്. ക്രിസ്തുവിനെ നവമായി പ്രഘോഷിക്കുന്ന സഭയുടെ ഇന്നത്തെ നവസുവിശേഷവത്ക്കരണ പദ്ധതിയിൽ മൊഴിയും മൗനവും സമഗ്ര ഘടകമായിരിക്കണം. തന്റെ മൗനത്തിലൂടെയും മൗനസമ്മതത്തിലൂടെയും ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും ഉദരത്തിൽ സംവഹിക്കുകയും അതിനെ പൂവണിയിക്കുകയും ചെയ്ത *(Prayer at Loretto, 1 September 2001)* പരിശുദ്ധ കന്യകാനാഥയ്ക്ക് ആധുനിക സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെയുള്ള എല്ലാ സുവിശേഷവത്ക്കര പദ്ധതികളും സ്നേഹപൂർവ്വം സമർപ്പിക്കുന്നു.



*"The Spirit of God hovered over the stillness of the waters…" - Gen.1,2*

*+ ബനഡിക്ട് 16-ാമൻ മാർപാപ്പ*
വത്തിക്കാനിൽനിന്ന് വിശുദ്ധ ഫ്രാൻസിസ് സാലസ്സിന്റെ തിരുനാൾ ദിനത്തിൽ

Published by the Pontifical Council for Social Communications Vatican
Translated by fr. William Nellikal Vatican Radio Malayalam

## ഫാദർ ജയിക്കബ് സ്രാമ്പിക്കൽ NISCORT ഡയറക്റ്റർ



ഭാരതത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ ആശയവിനിമയ ശാസ്ത്ര വിദ്യാപീഠത്തിന്റെ *(National Institute of Social Communications Research and Training- NISCORT)* ഡയറക്ടറായി ഫാദർ ജയിക്കബ് സ്രാമ്പിക്കൽ നിയമിതനായി. ബാംഗളൂരിൽ ചേർന്ന ദേശീയ മെത്രാൻ സമിതിയുടെ സമ്മേളനമാണ് ഇപ്പോൾ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ആശയവിനിമയ ശാസ്ത്ര വിഭാഗം പ്രഫസറായി സേവനമനുഷ്ഠിക്കുന്ന ഈശോ സഭാ വൈദികൻ ജയിക്കബ് സ്രാമ്പിക്കലിനെ ഇന്ത്യയിലെ ഏറ്റവും വലിയ കത്തോലിക്കാ മാദ്ധ്യമ പഠനകേന്ദ്രമായ നിസ്ക്കോർട്ടിന്റെ ഡയറക്ടറായി നിയോഗിച്ചത്. മെത്രാൻ സംഘത്തിന്റെ മാധ്യമവിഭാഗം ചെയർമാൻ ബിഷപ്പ് ചാക്കോ തോട്ടുമാരിക്കൽ വാർത്താക്കുറിപ്പിലൂടെ ഫാദർ സ്രമ്പിക്കലിന്റെ നിയമനം സ്ഥിരീകരിച്ചു.

*Fr. Jacob Srampickal sj – Director of CBCI's National Institute of Communications*

ഭാരതത്തിലെ കത്തോലിക്കാ മാധ്യമ പ്രവർത്തകരെ ദേശീയ തലത്തിൽ ആദ്യമായി സംഘടപ്പിച്ച ഫാദർ സ്രാമ്പിക്കൽ *Signis International* എന്ന ആഗോള കത്തോലിക്കാ മാധ്യമ പ്രവർത്തന സംഘടയുടെ ദേശീയ പ്രസിഡന്റായി 6-വർഷക്കാലവും (1992-98), ഏഷ്യൻ പ്രസിഡന്റായി 7 വർഷക്കാലവും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാധ്യമ ശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര-ബിരുദവും നല്കുവാൻ ഡൽഹി സർവ്വകലാശാലയുടെ അംഗീകാരമുള്ള *NISCORT*- നു സാധിക്കും. ഈശോ സഭയുടെ പട്ന പ്രവിശ്യാംഗമായ ഫാദർ സ്രാമ്പിക്കൽ പൂനെ ഫിലിം ഇൻസ്റ്റിട്യൂട്ടിൽനിന്നും ചലച്ചിത്ര പഠനത്തിൽ ബിരുദാനന്തര ബിരുദവും, ഇംഗ്ലണ്ടിലെ ലീഡ്സ് യൂണിവേഴ്സിറ്റിയിൽനിന്നും പുരോഗമന വിനിമയ ശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. 7 വർഷക്കാലം റോമിലെ പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയുടെ മാധ്യമവിഭാഗം മേധാവിയായിരുന്ന ഫാദർ സ്രാമ്പിക്കൽ വത്തിക്കാന്റെ സമൂഹ്യസമ്പർക്ക മാധ്യമ കമ്മിഷനിലും ദീർഘനാൾ സേവനംചെയ്തിട്ടുണ്ട്. ചലച്ചിത്രകലയുടെ ഉൾപ്പൊരുൾ അറിയുന്ന ഫാദർ സ്രാമ്പിക്കൽ മോണ്ട്രിയൽ, ലീഡ്സ്, വെനീസ്, ബർളിൻ എന്നീ അന്തർദേശീയ ക്രൈസ്തവ സഭൈക്യ സംരംഭങ്ങളുടെ ചലച്ചിത്രോത്സവങ്ങളിൽ ജൂറി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. *Voice of the Voiceless, Development Communications, Media Ethics, Communication Media, Media Education, Power of Alternative Media, Communications can renew the Church, Prophetic Media, Media and Family Relationships* തുടങ്ങി 15-ലേറെ ഗ്രന്ഥങ്ങൾ ഫാദർ സ്രാമ്പിക്കൽ രചിച്ചിട്ടുണ്ട്. ആശയവിനിമയത്തെക്കുറിച്ച് തനിമയാർന്ന ക്രൈസ്തവ ദർശനമുള്ള ഇദ്ദേഹം രണ്ടു പതിറ്റാണ്ടുകളായി ഭാരതത്തിലുള്ള മെയ്ജർ സെമിനാരികളിലെ വൈദിക വിദ്യാർത്ഥികൾക്ക് മാധ്യമ വിഷയങ്ങളിൽ പരിശീലനം നല്കിവരുന്നു.

വിദ്യാർത്ഥികളുടെ കഴിവനും അഭിരുചിക്കും അനുസൃതമായി ജോലി സാദ്ധ്യതകളുള്ള കോഴ്സുകളോടെ സ്ഥാപനത്തെ സജീവമാക്കുകയാണ് തന്റെ മുൻഗണനയെന്ന്, ജൂൺ മാസത്തിൽ ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ പോകുന്ന ഫാദർ സ്രാമ്പിക്കൽ വത്തിക്കാൻ റേഡിയോയ്ക്കു നല്കിയ അഭിമുഖത്തിൽ അറിയിച്ചു.



*The Second Coming after a spell of teaching in Europe*

Radio Vaticana

# ലോക യുവജനമേളയ്ക്കായി ബ്രസീൽ ഒരുങ്ങുന്നു

### ആഗോള യുവജനസംഗമം 2013-ന്റെ ലോഗോ പ്രകാശനംചെയ്തു




*"ലോകമെങ്ങും പോയി ജനതകളോട് സുവിശേഷമറിയിക്കുവിൻ,"* (മത്തായി 28,19) എന്ന ക്രിസ്താഹ്വാനത്തിന്റെ ദൃശ്യാവിഷ്ക്കരണവുമായി 2013 ലോക യുജനസമ്മേളനത്തിന്റെ ലോഗോ ഫെബ്രുവരി 10-◌ാ◌ം തിയതി ബ്രസീലിലെ റിയോ നഗരത്തിൽ പ്രകാശനംചെയ്തു. 27-◌ാമത് ലോകയുവജന സമ്മേളനത്തിന് വേദിയാകുന്നത് ബ്രസീലിലെ റിയോ പട്ടണമാണ്.


*Eugene Gustavo – the Young Designer of the Logo with Archbishop Orani Tempesta of Rio*

റിയോയിലെ കൊൺകവാദോ മലയിലെ ദേശീയ പാർക്കിൽ സ്ഥിതിചെയ്യുന്ന കരങ്ങൾ വിരിച്ചു നില്ക്കുന്ന ക്രിസ്തുവിന്റെ ശില്പം ലോകത്തിലെ ഏറ്റവും വലുതും കലാമൂല്യവുമുള്ള പ്രതിമയായിട്ടാണ് കണക്കാക്കപ്പെടുന്നത്. 130 അടി ഉയരമുള്ള ശില്പം സമുദ്രനിരപ്പിൽനിന്നും 2300 അടി ഉയരത്തിൽ കൊൺകൊവോദോ മലമുകളിൽ സ്ഥിതിചെയ്യുന്നു.

ദൂരെനിന്നും വീക്ഷിക്കാവുന്ന ഒരപൂർവ്വ ദൃശ്യഭംഗി റിയോ ദെ ജനീരോ പട്ടണപ്രാന്തത്തിൽ സ്ഥിതിചെയ്യുന്ന ഈ ശില്പത്തിനുണ്ട്. ലോകത്തിലെ ദൃശ്യാത്ഭുതങ്ങളിൽ ഒന്നാണ് ബ്രസീലിന്റെ അതിരടയാളമായ 'കരങ്ങൾ വിരിച്ചുനില്ക്കുന്ന ക്രിസ്തു'. സിമെന്റുകൂട്ടിനോട് മാർബിൾ സ്വാഭാവമുള്ള ബ്രസീലിൽ സുലഭമായ സോപ്പുകല്ലു ചേർത്താണ് ശില്പം പണിതീർത്തിരിക്കുന്നത്. പ്രദേശവാസിയായ ഹായ്ത്തോർ സിൽവാ എന്ന എൻജിനീയർ രൂപകല്പനചെയ്ത ശില്പം പോൾ ലാൻഡോസ്ക്കി എന്ന ഫ്രഞ്ച് ശില്പിയാണ് വാർത്തെടുത്തത്. ബലമുള്ള കോൺക്രീറ്റ് ഘടനയുടെ പുറമേ പതിപ്പിച്ച സോപ്പുകല്ലുകളാൽ തീർത്ത ശില്പം ഒറ്റക്കൽ പ്രതിമയായി ഉയർന്നു നില്ക്കുന്നു. പാദപീഠം പരിശുദ്ധ കന്യകാനാഥയുടെ നാമത്തിലുള്ള ദേവാലയമായിട്ടും രൂപകല്പനചെയ്തിരിക്കുന്ന ശില്പത്തിന് 2011-◌ാമാണ്ടിൽ 80 വയസ്സു തികഞ്ഞു.



Rio welcomes you – WYD 2013



2013 ജൂലൈ 23-മുതല്‍ 28-വരെ തിയതികള്‍ അരങ്ങേറുന്ന മേളയില്‍ യുവജനങ്ങള്‍ക്ക് ആവേശമാകാന്‍ പോകുന്ന ഔദ്യോഗിക ചിഹ്നത്തിലെ ദൃശ്യബിംബം കൊണ്‍കവാദോ മലമുകളില്‍ കരങ്ങള്‍ വിരിച്ചുനില്ക്കുന്ന ക്രിസ്തുവാണ്. റിയോ യുവജനസമ്മേളനത്തിന്‍റെ ആപ്തവാക്യമായി ബനഡിക്ട് 16-ാമന്‍ മാര്‍പാപ്പ പ്രഖ്യാപിച്ച, “*നിങ്ങള്‍ ലോകമെമ്പാടും പോയി സുവിശേഷം പ്രഘോഷിക്കുവിന്‍,*” എന്ന വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലുള്ള ക്രിസ്തുവിന്‍റെ ആഹ്വാനമാണ്, തനിക്കു പ്രചോദനമായതെന്ന് ലോഗോ ഡിസൈന്‍ചെയ്ത റിയോ പട്ടണവാസിയായ യുവകലാകാരന്‍ ഗുസ്താവോ യൂജീന്‍ പ്രകാശനവേളയില്‍ പറഞ്ഞു.

വരയും വര്‍ണ്ണവും ഇടകലരുന്ന ലോഗോയുടെ ചിത്രസംയോജനത്തില്‍, കൊണ്‍കവാദോ മലമുകളിലെ കരങ്ങള്‍ വിരിച്ച ക്രിസ്തു, യുവജനങ്ങള്‍ക്കു മാത്രമല്ല ലോകജനതയ്ക്കു മുഴുവനും സുവിശേഷ പ്രഘോഷണത്തിനായുള്ള ആഹ്വാനംനല്കുന്നു.

Christ atop the Hills of Concavado – welcoming the world youth

ശില്പത്തെ പൊതിഞ്ഞിരിക്കുന്ന ഹൃദയത്തിന്‍റെ ചിഹ്നം ക്രിസ്തു-ശിഷ്യത്വത്തിന്‍റെ പ്രതീകമാണ്. രണ്ടു കുനിപ്പുള്ള ഹൃദത്തിന്‍റെ പച്ചനിറമുള്ള മുകള്‍ഭാഗം ബ്രസീലിലെ *ഷുഗര്‍ലോഫ്* മലകളെയും, നീലവര്‍ണ്ണത്തിലുള്ള കീഴ്ഭാഗം റിയോ ഉള്‍ക്കടലിനെയും പ്രതിനിധാനം ചെയ്യുന്നു. ലോഗോയില്‍ ചാലിച്ചിരിക്കുന്ന പച്ചയും നീലയും മഞ്ഞയും ബ്രസീലിന്‍റെ ദേശീയ വര്‍ണ്ണങ്ങളും ലാറ്റിനമേരിക്കന്‍ ജനതയുടെ ദേശീയതയും വെളിപ്പെടുത്തുന്നു. ഉയര്‍ന്നു നില്ക്കുന്ന കുരിശ് ക്രിസ്താനുകരണത്തില്‍ യുവതീയുവാക്കള്‍ സ്വീകരിക്കേണ്ട ജീവിത പാതയാണെന്നും 20 വയസ്സുകാരനായ കലാകാരന്‍, ഗുസ്താവോ യൂജിന്‍ ലോഗോയുടെ പ്രകാശനചടങ്ങില്‍ പങ്കുവച്ചു. മത്സരത്തില്‍ പങ്കെടുക്കുവാനും ആഗോള യുവജനസമ്മേളനത്തിന്‍റെ നിലവാരത്തിന് ഇണങ്ങുന്ന ഡിസൈന്‍ അവതരിപ്പിക്കാനും തനിക്ക് ഉത്തേജനമായത് ക്രിസ്തുവിനോടുള്ള സ്നേഹവും ഭക്തിയുമാണെന്നും ഡിസൈനര്‍, ഗുസ്താവോ യൂജിന്‍ വെളിപ്പെടുത്തി. സമ്മേളനത്തിന്‍റെ മുന്‍വേദിയായ സ്പെയിനിലെ മാഡ്രിഡില്‍വച്ച് ബനഡിക്ട് 16-ാമന്‍ മാര്‍പാപ്പ റിയോ യുവജനസമ്മേളനം 2013-നായി വിശുദ്ധ മത്തായിയുടെ സുവിശേഷത്തില്‍നിന്നുമുള്ള ആപ്തവാക്യം പ്രാഖ്യാപിച്ച നാള്‍മുതല്‍ മനസ്സില്‍ വിഷയം ധ്യാനിക്കുകയും പുതിയ നിയമത്തിലെ ആദ്യ സുവിശേഷം മുഴുവനായി വായിക്കുകയും ചെയ്തുവെന്ന് യൂജിന്‍ വെളിപ്പെടുത്തി. ലോക യുവജനമേളയുടെ പ്രയോക്താവ് പരിശുദ്ധാത്മാവാണെന്ന് വത്തിക്കാന്‍റെ ഭാഗത്തുനിന്നും യുവജനമേളയുടെ ഉത്തരവാദിത്വം വഹിക്കുന്ന, അല്മായരുടെ ശുശ്രൂഷയ്ക്കായുള്ള പൊന്തിഫിക്കല്‍ കൗണ്‍സിലിന്‍റെ പ്രസിഡന്‍റ് കര്‍ദ്ദിനാള്‍ സ്റ്റാനിസ്ലാവൂസ് റയില്‍ക്കോ ഫെബ്രുവരി 29-ാം തിയതി റിയോ പട്ടണത്തില്‍ നടത്തിയ സമ്മേളനത്തില്‍ ഉദ്ബോധിപ്പിച്ചു. റിയോ പട്ടണാധികാരികളോടും പ്രാദേശിക മെത്രാന്‍ സമിതിയിലെ അംഗങ്ങളോടും യുവജന പ്രതിനിധകളോടുമൊപ്പം യുവജനമേളയുടെ ഒരുക്കങ്ങള്‍ക്കായി എത്തിയതായിരുന്നു കര്‍ദ്ദിനാള്‍ റയില്‍ക്കോ. ആഗോളതലത്തില്‍ സംഘടിപ്പിച്ച മത്സരത്തിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന മേളയുടെ സന്ദേശഗീതം ഏപ്രില്‍ 1-ാം തിയതി, ഓശാന ഞായര്‍ ദിനത്തില്‍ പ്രകാശനംചെയ്യുമെന്ന് സംഘാടക സമിതിയുടെ പ്രസിഡന്‍റും റിയോ അതിരൂപതാദ്ധ്യക്ഷനുമായ ആര്‍ച്ചുബിഷപ്പ് ഒറാനി ജോ റ്റെംപെസ്താ സമ്മേളത്തില്‍ അറിയിച്ചു.

---